# ദൈവത്തിന് നന്ദിപൂർവ്വം

## ഡോ. മേജർ നളിനി ജനാർദ്ദനൻ

സർവ്വശക്തനായ ദൈവത്തിനെ ഒരച്ഛനെപ്പോലെയും ആദിപരാശക്തിയായ ദേവിയെ ഒരമ്മയെപ്പോലെയുമാണ് ഞാൻ ബാല്യകാലം തൊട്ടുതന്നെ വിശ്വസിച്ചുപോന്നത്. കുട്ടികൾ കളിക്കോപ്പുകളോ മറ്റു വസ്തുക്കളോ വേണമെന്നു ശാഠ്യം പിടിച്ചു കരയുമ്പോൾ അവ കുട്ടികൾക്ക് ഉപയോഗിക്കാൻ അനുയോജ്യമാണോ അവർക്ക് അപകടമുണ്ടാക്കുന്നതാണോ എന്നെല്ലാം നോക്കി മനസ്സിലാക്കി, നല്ലതാണെങ്കിൽ മാത്രമാണല്ലോ അച്ഛനമ്മമാർ കുട്ടികൾക്കു വാങ്ങിക്കൊടുക്കാറുള്ളത്. ചിലപ്പോൾ 'ഇതു ശരിയല്ല കുട്ടീ, നല്ലത് പിന്നീട് വാങ്ങിത്തരാം' എന്നു പറഞ്ഞുവെന്നും വരാം. അതുപോലെ എന്റെ ജീവിതത്തിലും പലപ്പോഴായി ഞാൻ സുവർണ്ണവസരങ്ങളെന്നു കരുതിയ പല അവസരങ്ങലും എനിക്ക് നഷ്ടമായിട്ടുണ്ട്. ആഗ്രഹിച്ചതു കിട്ടാതെ വരുമ്പോൾ കുട്ടി അച്ഛനമ്മമാരോട് പിണങ്ങാറില്ലേ? അതുപോലെ ഞാനും ദൈവത്തിനോട് ദേഷ്യപ്പെടുകയോ പിണങ്ങുകയോ സംസാരിക്കാതിരിക്കുകയോ ചെയ്യാറുമുണ്ട്. പക്ഷേ, പലപ്പോഴും, അന്ന് നഷ്ടപ്പെട്ടവയെക്കാൾ പതിന്മടങ്ങ് വിലമതിക്കുന്ന അവസരങ്ങൾ എനിക്ക് ലഭിച്ചിട്ടുമുണ്ട്. അത്തരം സന്ദർഭങ്ങളിൽ, തങ്ങളുടെ കുട്ടിയ്ക്ക് ഏറ്റവും നല്ലതുമാത്രം നല്കണമെന്ന മാതാപിതാക്കളുടെ ആഗ്രഹം പോലെയാണ് ദൈവത്തിന്റെ പ്രവൃത്തികൾ എന്നു ഞാൻ വിസ്മയത്തോടെ മനസ്സിലാക്കുന്നു. എനിക്ക് ജന്മം നല്കിയതോടൊപ്പം ഒട്ടേറെ കഴിവുകളും നല്കിയ അച്ഛനമ്മമാർ... പ്രിയംകരമായ സമ്മാനങ്ങളെപ്പോലെ സുഖദവിസ്മയം നൽകിക്കൊണ്ട് എന്റെ ജീവിതത്തിൽ കടന്നുവരുന്ന ബഹുമതികളും സ്ഥാനമാനങ്ങളും... സർവ്വോപരി ഒരച്ഛനെപ്പോലെ എനിക്കു സ്നേഹം പകരുന്ന എന്റെ ആത്മാവിന്റെ ഭാഗമായ ജീവിതപങ്കാളിയും പുതിയ തലമുറയിൽ നിന്നു വ്യത്യസ്തമായി സംസ്കാരവും വിനയവും സ്നേഹബഹുമാനങ്ങളും കൈവിടാതെ നിലനിർത്തുന്ന എന്റെ മക്കളും ഇതെല്ലാം എനിക്കു ലഭിച്ച ദൈവാനുഗ്രഹങ്ങളല്ലേ?

തിക്താനുഭവങ്ങൾ പകരുന്ന നിരാശ കൊണ്ട് പലപ്പോഴും ഇനി ഞാൻ പാടുകയില്ല എന്നു ബാലിശമായി തീരുമാനമെടുക്കുമ്പോഴെല്ലാം "മാഡം, കണ്ണടച്ചുകൊണ്ട് നിങ്ങളുടെ സ്വരമാധുരി ആസ്വദിക്കുമ്പോൾ മനസ്സിന് അളവറ്റ ശാന്തിയും സംതൃപ്തിയും ലഭിക്കുന്നു" എന്നോ, "മാഡത്തിന്റെ സംഗീതം ദൈവാനുഗ്രഹം തന്നെയാണ്. കല്ലുപോലും അലിഞ്ഞുപോകുന്ന ഭാവവികാരങ്ങളും ശബ്ദമാധുര്യവും താങ്കളുടെ സംഗീതത്തിലുണ്ട്" എന്നോ പറഞ്ഞുകൊണ്ട് എന്നെ വീണ്ടും സംഗീതലോകത്തിലേക്കു തിരിച്ചുവിളിക്കുന്ന ആരാധകവൃന്ദം...

"നീ സ്വയം മീരാബായിയാണെന്നു സങ്കല്പിച്ചുകൊണ്ട് പാടൂ- അത് ലോകം കേൾക്കുമ്പോൾ അതാണ് എനിക്ക് കിട്ടാവുന്ന ഏറ്റവും വലിയ ഗുരുദക്ഷിണ" എന്നു പറഞ്ഞ് ഹൃദയപൂർവ്വം അനുഗ്രഹിച്ച സാത്വികനായ എന്റെ ഗുരു ശ്രീ. രാമചന്ദ്രഗോയൽ...

'ഇനി ഞാൻ കഥകളെഴുതുന്നില്ല' എന്ന് വെറുതെ ബാലിശമായി തീരുമാനിക്കുമ്പോഴും അനുഭവങ്ങൾ മറ്റൊന്നല്ല. "താങ്കളുടെ കഥകൾ ആത്മാവിനെ സ്പർശിക്കുന്നവയാണ്. അവയിൽ പലതും വായിക്കുമ്പോൾ എം.ടിയുടെ രചനാശൈലിയുംഅവതരണരീതിയും കഥാന്തരീക്ഷവും ഓർമ്മ വരുന്നു. ഇനിയും എഴുതിക്കൊണ്ടേയിരിക്കൂ. എന്ന് എനിക്ക് ഏറ്റവും നല്ല എഴുത്തുകാരിക്കുള്ള കഥാ അവാർഡ് നൽകുമ്പോൾ ഡോക്ടർ പുനത്തിൽ കുഞ്ഞബ്ദുള്ള പറഞ്ഞത് നന്ദിപൂർവ്വം ഓർത്തുപോകും.

‘നീലഷർട്ടു ധരിച്ച അപരിചിതൻ’ എന്നുപേരുള്ള എന്റെ ഒരു കഥയെപ്പറ്റി ഒരു പ്രസിദ്ധ വിമർശകൻ എഴുതിയതുപോലെ... “ഈ കഥ ഞാൻ പല ആവർത്തി വായിച്ചു. ഓരോ വായന യിലും ഇതിലെ കഥാപാത്രമായ ‘അയാൾ’ എന്നെ വിസ്മയിപ്പിച്ചു. മനസ്സിൽ നിന്നും മായാത്ത അപൂർവ്വവ്യക്തിത്വം– ‘അയാൾ’ എല്ലാത്തിനുമുപരി കഥാകൃത്തിനെ വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠിച്ചു...”

ഇത്തരം പ്രോത്സാഹനവാക്കുകൾ കേൾക്കുമ്പോൾ വീണ്ടും ഞാനൊരു കഥാകാരിയായി ത്തീരും... സരസ്വതീദേവിയുടെ കൃപയാൽ അക്ഷരങ്ങളും വികാരവിചാരങ്ങളും ലളിതമായ ശൈലിയും കൊണ്ട് മാന്ത്രികവിദ്യ രചിക്കുന്ന എഴുത്തുകാരി...

ഇങ്ങനെ എനിക്ക് പ്രേരണയും അനുമോദനവും പ്രശംസാവചനങ്ങളും സമ്മാനിക്കുന്ന വായനക്കാരും ശ്രോതാക്കളും... അനുഗ്രഹം മാത്രം നൽകുന്ന ഗുരുക്കന്മാർ... ഇനിയും പുതിയ പുസ്തകങ്ങൾ രചിക്കാൻ അഭ്യർത്ഥിക്കുന്ന പ്രസാധകർ... എന്റെ അഭിമാന നേട്ടങ്ങളിൽ അഭി മാനം കൊണ്ട് ആഹ്ലാദിക്കുന്ന ഭർത്താവും കുട്ടികളും... ഇവരെല്ലാം തന്നെ എനിക്ക് ദൈവത്തിന്റെ സന്ദേശവാഹകരായിട്ടാണ് തോന്നിയിട്ടുള്ളത്. മോഹഭംഗത്തിന്റെയും വിഷാദത്തിന്റെയും ദുഃഖ ത്തിന്റെയും അഗാധഗർത്തങ്ങളിലേക്ക് ആഴ്ന്നുപോകുമ്പോൾ പ്രതീക്ഷയുടെ കിരണങ്ങൾ പോലെ കൈപിടിച്ചുയർത്തി രക്ഷിക്കുന്ന ദൈവത്തിന്റെ കരങ്ങളാണ് അവരിലൂടെ ഞാൻ ദർശിക്കുന്നത്.

ലക്ഷ്യം നേടിയേ പറ്റൂ എന്നുള്ള ദൃഢനിശ്ചയത്തോടെ പൂക്കളോടൊപ്പം കല്ലുകളും മുള്ളു കളും ചിതറിക്കിടക്കുന്ന വഴികളിലൂടെ തടസ്സങ്ങളും വിഷമങ്ങളും സഹിച്ചുകൊണ്ട് മുന്നേറുമ്പോ ഴെല്ലാം എന്നോടൊപ്പമുണ്ട് എന്നു ഞാൻ വിശ്വസിച്ച എന്റെ ദൈവം!

അർജ്ജുനൻ കൃഷ്ണഭഗവാനോട് പറഞ്ഞ വാക്കുകൾ വളരെ അർത്ഥപൂർണ്ണമാണ്. “എനിക്ക് ദുര്യോധനൻ ആവശ്യപ്പെട്ടതു പോലെ വലിയ സൈന്യമോ യുദ്ധത്തിനുള്ള ആയുധസ ന്നാഹങ്ങളോ ഒന്നും വേണ്ട. ഭഗവാനേ, അങ്ങ് എന്നോടൊപ്പം നിന്നാൽ മാത്രം മതി!” ഇതുമാത്ര മാണ് എന്റെയും പ്രാർത്ഥന. എന്നുമെനിക്ക് ദൈവാനുഗ്രഹം മാത്രം മതി.

‘‘Fanooz banke jiski hifazat hawa kare

wo shamaa kya bujhe jise roshan khuda kare”

ഗസൽഗായികയായ എന്റെ മനസ്സിൽ പതിഞ്ഞ ഈ ‘ശായരി’ (കവിതാശകലം) ഓർത്തു പോകുന്നു. ഇതിന്റെ അർത്ഥം ഇപ്രകാരമാണ്.

“റാന്തൽ പോലെ, കെടാതെ കാറ്റുതന്നെ സ്വയം രക്ഷിക്കുന്ന ആ മെഴുകുതിരി എങ്ങിനെ അണഞ്ഞുപോകും? അതിന് പ്രകാശം സ്വയം ദൈവം തന്നെ നൽകുന്നതല്ലേ?..”

ഇതുതന്നെയാണ് എന്റെ ജീവിതം... അനവധി വിഷമഘട്ടങ്ങളും പരീക്ഷണങ്ങളും വേർപാ ടുകളും ദുഃഖങ്ങളുമെല്ലാം സഹിക്കുമ്പോഴും അപൂർവ്വം ചിലരുടെയെങ്കിലും കുത്തുവാക്കുകൾക്കും അസൂയയ്ക്കും ശാപവചനങ്ങൾക്കും പാത്രമാകുമ്പോഴുമെല്ലാം ദൈവം അണയാതെ കാത്തുസൂ ക്ഷിച്ച ഒരു ചെറുതിരി നാളമാണ് എന്റെ ജീവിതം!

മരണത്തെ മുഖാമുഖം കണ്ട ഒട്ടേറെ സന്ദർഭങ്ങളിൽ എന്നെ രക്ഷിച്ച കരുണാമയനായ ദൈവം...

‘പാദചിഹ്നങ്ങൾ’ (foot prints) എന്ന ഇംഗ്ലീഷ് കവിതയിൽ വിവരിച്ചതുപോലെ.

“വിഷമവും സങ്കടവും നീയനുഭവിച്ച അവസരങ്ങളിൽ ഞാൻ നിന്നോടൊപ്പമില്ലായിരുന്നു എന്നു കരുതിയോ? ഈ മണൽത്തീരങ്ങളിൽ ഒരാളുടെ മാത്രം പാദചിഹ്നങ്ങൾ കണ്ട് നീയിങ്ങനെ തെറ്റിദ്ധരിച്ചുപോയി അല്ലേ? എന്റെ പ്രിയപ്പെട്ട കുട്ടീ, നിനക്കറിയുമോ, നിന്റെ പരീക്ഷണഘട്ടങ്ങളിൽ നീയൊരിക്കലും ഒറ്റയ്ക്കായിരുന്നില്ല. ആ സമയങ്ങളിലെല്ലാം തന്നെ ഞാൻ നിന്റെ കൂടെ ഉണ്ടായിരുന്നു. ഞാൻ സ്വയം നിന്നെ എടുത്തുകൊണ്ട് ആ പരീക്ഷണഘട്ടങ്ങൾ തരണം ചെയ്യുകയായിരുന്നു!

ഇത് ദൈവം എന്നോട് പറയുന്ന വാക്കുകളായി ഞാൻ കണക്കാക്കുന്നു. എപ്പോഴും മാതാപിതാക്കളെപ്പോലെ എന്നെ സംരക്ഷിക്കുന്ന ദൈവം... ഭക്തവത്സലനായ ദൈവത്തിന്റെ സ്വന്തം കൈയ്യൊപ്പു പതിഞ്ഞ എന്റെ ഈ എളിയ ജീവിതം.

മണലാരണ്യത്തിൽ ഗ്രീഷ്മതാപമേറ്റു പിടയുമ്പോൾ അനുഗ്രഹമായി ലഭിക്കുന്ന വൃക്ഷച്ഛായപോലെ... വരണ്ടതൊണ്ടയിൽ ഇറ്റിറ്റു വീഴുന്ന കുളിർമ്മയുള്ള ദാഹജലം പോലെ.. വേദനിക്കുന്ന ഹൃദയത്തെ സമാശ്വസിപ്പിച്ചുകൊണ്ട് തഴുകുന്ന മയിൽപ്പീലിയുടെ മൃദുസ്പർശം പോലെ... വികാരപ്രക്ഷുബ്ധമായ മനസ്സിൽ ശാന്തിയുടെ രാഗസുധ പകരുന്ന മുരളീനാദം പോലെ... നീലക്കടമ്പുകൾക്കിടയിൽ നിന്ന് എത്തിനോക്കുന്ന പൗർണ്ണമിയുടെ മന്ദഹാസം പോലെ.. സ്വരമാധുരിയോടെ കളകളം ഒഴുകുന്ന യമുനാനദീതരംഗങ്ങൾ പോലെ... ഭഗവാനേ, എന്റെ ഹൃദയത്തിൽ, ആത്മാവിന്റെ ഓരോ കണികകളിലും അങ്ങുണ്ടായിരുന്നില്ലേ? വാത്സല്യമായി... കാരുണ്യമായി.. സ്നേഹസാന്ത്വനമായി...?

ദൈവമേ നന്ദി! ഒരായിരം നന്ദി!

*******************